സ്റ്റേറ്റ് റിസോഴ്സ് സെന്റർ, കേരളം
എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ്

# ഡിപ്ലോമ ഇൻ ഫസ്റ്റ് എയ്ഡ് ഇൻ മെന്റൽ ഹെൽത്ത് (DFMH)

## 2026 ജനുവരി സെഷൻ

## പ്രവേശന പത്രിക

സ്റ്റേറ്റ് റിസോഴ്സ് സെന്റർ കേരളയുടെ ആഭിമുഖ്യത്തിലുള്ള എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് 2026 ജനുവരി സെഷനിലെ **ഡിപ്ലോമ ഇൻ ഫസ്റ്റ് എയ്ഡ് ഇൻ മെന്റൽ ഹെൽത്ത്** (DFMH) പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു. മാനസികാരോഗ്യ മേഖലയിൽ സഹായക സംവിധാനം ഒരുക്കുന്നതിനുള്ള പ്രതികരണ സേനയെ സജ്ജമാക്കുക എന്നതാണ് ഈ പ്രോഗ്രാമിന്റെ ആത്യന്തിക ലക്ഷ്യം. സമൂഹത്തിന്റെ വിവിധ മേഖലകളിൽ മാനസികാരോഗ്യ സഹായം ആവശ്യമുള്ളവരെ കണ്ടെത്താനും വേണ്ട സഹായങ്ങൾ ചെയ്യാനുമുള്ള അറിവും നൈപുണിയും ഈ പരിശീലനത്തിലൂടെ ലഭ്യമാകുന്നു. സ്റ്റേറ്റ് റിസോഴ്സ് സെന്റർ പഠന കേന്ദ്രങ്ങൾ വഴി പ്രോഗ്രാമിൽ ചേർന്നു പഠിക്കാം. ഒരു വർഷമാണ് ഡിപ്ലോമ പ്രോഗ്രാമിന്റെ കാലാവധി. പ്രോഗ്രാമിന്റെ ഉള്ളടക്കത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**സെമസ്റ്റർ 1**

1. MH001 : Introduction to Mental Health and Wellbeing
2. MH002 : Psychological First Aid and Crisis Management
3. MH003 : Common Mental Health Conditions and Support Strategies
4. MHP01 : Practical Part I

**സെമസ്റ്റർ2**

5. MH004 : Psychological Wellbeing, Crisis Response and Psychological First Aid
6. MH005 : Understanding Mental Disorders and Interventions
7. MH006 : Counselling Skills and Ethics for Community Workers
8. MHI01 : Internship
9. MHP02 : Practical Part II

ഓരോ വിഷയത്തിലും തയ്യാറാക്കിയിട്ടുള്ള സ്വയം പഠന സഹായികൾ, ഓൺലൈൻ ഓഫ്‌ലൈൻ തിയറി ക്ലാസുകൾ, ഓഫ്‌ലൈൻ പ്രാക്ടിക്കൽ ക്ലാസുകൾ, ഇന്റേൺഷിപ്പ് എന്നിവയിലൂടെയാണ് പഠനം പുരോഗമിക്കുന്നത്. പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കുന്നതിന് ക്ലാസുകളിൽ 80% ഹാജർ ഉറപ്പുവരുത്തണം. പ്രോഗ്രാമിന് അപേക്ഷിക്കുന്നതിനുള്ള അടിസ്ഥാന വിദ്യാഭ്യാസയോഗ്യത പ്ലസ്ടു പാസ്സ് അഥവാ തത്തുല്യമാണ്.

കോഴ്സിൽ ചേരുന്നതിനുള്ള ഫീസ് 16,000/- രൂപയാണ്. രണ്ട് തവണയായി ഫീസ് അടക്കുന്നതിന് സൗകര്യമുണ്ട്. ആദ്യ തവണത്തേക്ക് അപേക്ഷഫീസിനത്തിൽ 200/- രൂപ കൂടി ചേർത്ത് 8,200/- രൂപയും രണ്ടാം തവണ 8,000/- രൂപയുമാണ് ആകെ പ്രോഗ്രാം ഫീസിനത്തിൽ അടയ്ക്കേണ്ടത്. https://app.srccc.in/register എന്ന ലിങ്കിലൂടെ ആപ്ലിക്കേഷൻ ഓൺലൈനായി മാത്രം സമർപ്പിക്കുക. അപേക്ഷയോടൊപ്പം ഫോട്ടോ, ആധാർകാർഡ്, നിശ്ചിത വിദ്യാഭ്യാസ യോഗ്യതയുടെ സർട്ടിഫിക്കറ്റ്എന്നിവ മാത്രം അപ്‌ലോഡ് ചെയ്യേണ്ടതാണ്. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി 2025 ഡിസംബർ 31. വിശദവിവരങ്ങൾക്ക് ബന്ധപ്പെടേണ്ട വിലാസം ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, കേരളം, നന്ദാവനം, വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം-33. ഫോൺ നം: 04712325101, 8281114464.അംഗീകൃത പഠനകേന്ദ്രങ്ങൾ വഴിയും ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

പഠനകേന്ദ്രങ്ങളുടെ വിശദാംശങ്ങളും ബന്ധപ്പെടേണ്ട ഫോൺ നമ്പറുകളും ചുവടെ ചേർക്കുന്നു.

| **List of Study Centres<br>Diploma in First Aid in Mental Health (DFMH)** | | |
|---|---|---|
| | Thiruvananthapuram | Galaxy Karunasai De-Addiction and Mental Health Research Institute<br>Vellanad, Thiruvananthapuram-695543<br>Ph.No: Sreelal - 94475 55097, Surya.S - 9496101530 |

ഡയറക്ടർ